ഇ.എക്സ്.നം.എച്ച്(1)/76167/2013/സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം - 12
തീയതി : 28/11/2013.

# വിജ്ഞാപനം

**വിഷയം : 2013-14 വർഷത്തെ എൽ.എസ്.എസ്, യു.എസ്.എസ് പരീക്ഷയും പ്രതിഭാധനരായ വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് ടെസ്റ്റും നടത്തുന്നതു - സംബന്ധിച്ച്**

**സൂചന : G.O. (Rt.) No. 105/2011 പൊ.വി.വ. തീയതി 06/01/2011.**

മേൽ സൂചനയിലെ സർക്കാർ ഉത്തരവ് അനുസരിച്ച് 2013-2014 വർഷത്തെ LSS, USS പരീക്ഷകൾ, പ്രതിഭാധനരായ വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് ടെസ്റ്റ് എന്നിവ താഴെപ്പറയും പ്രകാരം നടത്തുന്നതാണ്.

| പരീക്ഷയുടെ പേര് | തീയതി | സമയം |
|---|---|---|
| എൽ.എസ്.എസ് പരീക്ഷ | 2014 ജനുവരി 18 ശനിയാഴ്ച | രാവിലെ 10 മുതൽ വൈകുന്നേരം 4 മണി വരെ |
| യു.എസ്.എസ് പരീക്ഷ | -do- | -do- |
| സ്ക്രീനിംഗ് ടെസ്റ്റ് | 2014 ഫെബ്രുവരി 1 ശനിയാഴ്ച | രാവിലെ 10 മുതൽ 11.30 വരെ |

## I. പരീക്ഷയ്ക്ക് ചേരുന്നതിനുള്ള യോഗ്യത

**i) എൽ.എസ്.എസ്. പരീക്ഷ :** കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ (ഗവൺമെന്റ്, എയിഡഡ്, അംഗീകാരമുള്ള അൺഎയ്ഡഡ്) ഈ അദ്ധ്യയന വർഷം 4-ാം സ്റ്റാൻഡേർഡിൽ പഠിക്കുന്നവരും ഒന്നാം ടേം പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും കുറഞ്ഞത് 'ബി' ഗ്രേഡെങ്കിലും നേടിയിട്ടുള്ളവരുമായ വിദ്യാർത്ഥികൾക്ക് എഴുതാവുന്നതാണ്.

**ii) യു.എസ്.എസ് പരീക്ഷ :** കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ (ഗവൺമെന്റ്, എയിഡഡ്, അംഗീകാരമുള്ള അൺഎയ്ഡഡ്) ഈ വർഷം ഏഴാം സ്റ്റാൻഡേർഡിൽ പഠിക്കുന്നവരും ഒന്നാം ടേം പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും 'ബി' ഗ്രേഡെങ്കിലും നേടിയിട്ടുള്ളവരുമായ വിദ്യാർത്ഥികൾക്ക് എഴുതാവുന്നതാണ്.

**iii) സ്ക്രീനിംഗ് ടെസ്റ്റ് :-** യു.എസ്.എസ് പരീക്ഷ എഴുതുന്നതിനുള്ള യോഗ്യത സ്ക്രീനിംഗ് ടെസ്റ്റിനും ബാധകമാണ്. യു.എസ്.എസ് പരീക്ഷ എഴുതുന്ന കുട്ടികൾക്ക് ആവശ്യമെങ്കിൽ സ്ക്രീനിംഗ് ടെസ്റ്റ് എഴുതാവുന്നതാണ്. ഇതിനായി പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതില്ല. സ്ക്രീനിംഗ് ടെസ്റ്റ് എഴുതുന്നുവെങ്കിൽ അക്കാര്യം യു.എസ്.എസ് പരീക്ഷയ്ക്കുള്ള ലിസ്റ്റിൽ പ്രത്യേകം കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്. സ്ക്രീനിംഗ് ടെസ്റ്റ്-ന് ലഭിക്കുന്ന സ്കോറും യു.എസ്.എസ് പരീക്ഷയ്ക്കു ലഭിക്കുന്ന സ്കോറും ഒരുമിച്ചു ചേർത്ത് കണക്കാക്കിയാണ് പ്രതിഭാധനരായ കുട്ടികളെ തെരഞ്ഞെടുക്കുന്നത്.

മേൽപ്പറഞ്ഞ മൂന്ന് പരീക്ഷകൾക്കും കുട്ടികൾ ഫീസ് നൽകേണ്ടതില്ല. പരീക്ഷ എഴുതാൻ അർഹതയുള്ള കുട്ടികളുടെ പേരു വിവരങ്ങൾ ഓൺലൈനായി ഡിസംബർ 20 വെള്ളിയാഴ്ചയ്ക്ക് മുമ്പായി സ്കൂൾ ഹെഡ്മാസ്റ്റർ രജിസ്റ്റർ ചെയ്യേണ്ടതാണ്.

## II. പരീക്ഷാപ്രവർത്തനങ്ങളുടെ സ്വഭാവം

1 മുതൽ 4 വരെയുള്ള ക്ലാസുകളിലെ സിലബസിന്റെ അടിസ്ഥാനത്തിൽ എൽ.എസ്.എസ് പരീക്ഷയും. 5 മുതൽ 7 വരെയുള്ള ക്ലാസുകളിലെ സിലബസ് അടിസ്ഥാനമാക്കി യു.എസ്.എസ് പരീക്ഷയും നടത്തുന്നതാണ്. മൂന്നു വിഭാഗങ്ങളാണ് എൽ.എസ്.എസ്, യു.എസ്.എസ് പരീക്ഷകൾക്കുള്ളത്.

### (i) എൽ.എസ്.എസ് പരീക്ഷ

**വിഭാഗം എ : പ്രവർത്തനാധിഷ്ഠിത വിലയിരുത്തൽ**

ഭാഷ, ഗണിതം, പരിസരപഠനം എന്നീ വിഷയങ്ങൾ ഉൾക്കൊള്ളുന്നതും ഉദ്ഗ്രഥന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതുമായ പ്രവർത്തനാധിഷ്ഠിതമായ ചോദ്യങ്ങൾ ഈ വിഭാഗത്തിൽ ഉണ്ടായിരിക്കും. ചോദ്യങ്ങൾ സ്വയം വായിച്ച് ചെയ്യാവുന്ന സ്വതന്ത്ര പ്രവർത്തനങ്ങളോ പരസ്പര ബന്ധിതമായവയോ ആയിരിക്കും. 2 മണിക്കൂർ സമയമാണ് നൽകിയിരിക്കുന്നത്. പരമാവധി സ്കോർ 50. ആവശ്യമായ സാമഗ്രികൾ ചോദ്യപേപ്പറിനൊപ്പം നൽകുന്നതാണ്. പ്രവർത്തനങ്ങൾക്ക് ആവശ്യമെങ്കിൽ തൽസമയ വിലയിരുത്തലും കേന്ദ്രീകൃത വിലയിരുത്തലും ഉണ്ടാവും. പ്രത്യേക ഉത്തരക്കടലാസിലാണ് ഉത്തരം എഴുതേണ്ടത്.

**വിഭാഗം ബി : വസ്തുനിഷ്ഠ/മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങൾ (MCQ) ഉപയോഗിച്ചുള്ള വിലയിരുത്തൽ**

നൽകിയിട്ടുള്ള ടെസ്റ്റ് ബുക്ക് ലെറ്റിൽ തന്നെ ഉത്തരമെഴുതേണ്ട ഒരു മണിക്കൂർ സമയ ദൈർഘ്യമുള്ള എഴുത്തു പരീക്ഷയായിരിക്കും ഈ വിഭാഗത്തിൽ നടത്തപ്പെടുന്നത്. പരമാവധി സ്കോർ 30. ഉയർന്ന ചിന്താപ്രക്രിയ ആവശ്യമായി വരുന്നതും ഭാഷ, ഗണിതം, പരിസര പഠനം എന്നീ വിഷയങ്ങളിലെ പൂർവ്വാർജ്ജിത ജ്ഞാനത്തെ പരിഗണിക്കുന്നതുമായ വസ്തുനിഷ്ഠ/മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങൾ (MCQ) ഈ വിഭാഗത്തിൽ ഉണ്ടായിരിക്കും.

**വിഭാഗം സി : പോർട്ഫോളിയോ വിലയിരുത്തൽ**

ഇതിനായി പരീക്ഷാർത്ഥികൾ കൊണ്ടുവരേണ്ട ഇനങ്ങളുടെ വിശദാംശങ്ങൾ വിജ്ഞാപനത്തിനോടൊപ്പം കൊടുത്തിരിക്കുന്നു. പരമാവധി സ്കോർ 20. ഉള്ളടക്കം, പ്രവർത്തന മികവ്, തനിമ, നിലവാരം തുടങ്ങിയവ പരിഗണിക്കുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിലാണ് പോർട്ട് ഫോളിയോയുടെ വിലയിരുത്തൽ നടത്തുക. ഇതിന്റെ ഭാഗമായി അഭിമുഖവും ഉണ്ടായിരിക്കുന്നതാണ്.

### (ii) യു.എസ്.എസ് പരീക്ഷ

**വിഭാഗം എ : പ്രവർത്തനാധിഷ്ഠിത വിലയിരുത്തൽ**

പാഠ്യവിഷയങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനാധിഷ്ഠിതമായ ചോദ്യങ്ങൾ ഉണ്ടായിരിക്കും. ഒന്നാം ഭാഷ (മലയാളം, തമിഴ്, കന്നട), ഇംഗ്ലീഷ്, സാമൂഹ്യശാസ്ത്രം, ജനറൽ സയൻസ്, ഗണിതം എന്നീ വിഷയങ്ങളിലായിരിക്കും ചോദ്യങ്ങൾ. ചോദ്യങ്ങൾ കുട്ടികൾക്ക് സ്വയം വായിച്ച് ചെയ്യാവുന്ന സ്വതന്ത്ര പ്രവർത്തനങ്ങളോ പരസ്പര ബന്ധിതമായവയോ ആയിരിക്കും. 2 മണിക്കൂർ സമയമാണ് നൽകിയിരിക്കുന്നത്. പരമാവധി സ്കോർ 50. ആവശ്യമായ സാമഗ്രികൾ ചോദ്യപേപ്പറിനൊപ്പം നൽകുന്നതാണ്. പ്രവർത്തനങ്ങൾക്ക് തൽസമയ വിലയിരുത്തലും കേന്ദ്രീകൃത വിലയിരുത്തലും ഉണ്ടായിരിക്കും. പ്രത്യേക ഉത്തരക്കടലാസിലാണ് ഉത്തരം എഴുതേണ്ടത്.

**വിഭാഗം ബി : വസ്തുനിഷ്ഠ/മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങൾ (MCQ) ഉപയോഗിച്ചുള്ള വിലയിരുത്തൽ**

നൽകിയിട്ടുള്ള ടെസ്റ്റ് ബുക്ക്ലെറ്റിൽ തന്നെ ഉത്തരമെഴുതേണ്ട ഒരു മണിക്കൂർ സമയ ദൈർഘ്യമുള്ള എഴുത്തു പരീക്ഷയായിരിക്കും. പരമാവധി സ്കോർ 30. ഉയർന്ന ചിന്താപ്രക്രിയ ആവശ്യമായി വരുന്നതും കുട്ടികളുടെ പൂർവ്വാർജിത ജ്ഞാനത്തെ പരിഗണിക്കുന്നതുമായ വസ്തുനിഷ്ഠ/മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങൾ (MCQ) ഈ വിഭാഗത്തിൽ ഉണ്ടായിരിക്കും. ഒന്നാം ഭാഷ (മലയാളം, അറബിക്, ഉർദു, സംസ്കൃതം) ഇംഗ്ളീഷ്, സോഷ്യൽ സയൻസ്, സയൻസ്, ഗണിതം എന്നീ വിഷയങ്ങളിലായിരിക്കും ചോദ്യങ്ങൾ

**വിഭാഗം സി : പോർട്ട്ഫോളിയോ വിലയിരുത്തൽ**

ഇതിനായി പരീക്ഷാർത്ഥികൾ കൊണ്ടുവരേണ്ട ഇനങ്ങളുടെ വിശദാംശങ്ങൾ വിജ്ഞാപനത്തി നോടൊപ്പം കൊടുത്തിരിക്കുന്നു. പരമാവധി സ്കോർ 20. ഉള്ളടക്കം, പ്രവർത്തന മികവ്, തനിമ, നിലവാരം തുടങ്ങിയവ പരിഗണിക്കുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിലാണ് പോർട്ട് ഫോളിയോയുടെ വിലയിരുത്തൽ നടത്തുക. ഇതിന്റെ ഭാഗമായി അഭിമുഖവും ഉണ്ടായിരിക്കുന്നതാണ്.

മൂന്നു ഭാഗങ്ങളിലും നേടുന്ന സ്കോറുകൾ ചേർത്താണ് ഓവറോൾ ഗ്രേഡ് നിർണ്ണയിക്കുക. **70 ശതമാനത്തിനു മുകളിൽ A ഗ്രേഡും, 50-69 ശതമാനം B ഗ്രേഡും, 50 ശതമാനത്തിൽ താഴെ C ഗ്രേഡും ആയിരിക്കും**. സ്കോളർഷിപ്പിനു അർഹത നേടുന്നതിന് A ഗ്രേഡ് ലഭിച്ചിരിക്കണം. ഉപജില്ലയിൽ SC, ST, OEC വിഭാഗങ്ങളിൽപ്പെട്ട കുട്ടികളിൽ ആർക്കും തന്നെ A ഗ്രേഡ് ലഭിക്കുന്നില്ലെങ്കിൽ ഈ വിഭാഗങ്ങളിൽ ഏറ്റവും കൂടുതൽ സ്കോർ നേടിയ കുട്ടിയെ സ്കോളർഷിപ്പിന് പരിഗണിക്കുന്നതാണ്. (കുറഞ്ഞത് B ഗ്രേഡ് എങ്കിലും നേടിയിരിക്കണം).

## (III) സ്ക്രീനിംഗ് ടെസ്റ്റ് :

മെന്റൽ എബിലിറ്റി, അഭിരുചി പരിശോധന തുടങ്ങിയവ പരിശോധിക്കപ്പെടുന്ന 5, 6, 7 ക്ലാസുകളിലെ സിലബസ് അനുസരിച്ച് തയ്യാറാക്കിയ ഉയർന്ന ചിന്താപ്രക്രിയ ആവശ്യമായ മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങൾ ഉൾക്കൊള്ളുന്ന ഒന്നര മണിക്കൂർ സമയത്തിനുള്ള പരീക്ഷയായിരിക്കും നടത്തപ്പെടുന്നത്. പരമാവധി സ്കോർ 100. ടെസ്റ്റ്ബുക്ക്ലറ്റിൽ തന്നെ കുട്ടികൾ ഉത്തരമെഴുതേണ്ടതാണ്.

സ്ക്രീനിംഗ് ടെസ്റ്റിനു ലഭിച്ച സ്കോറും, യു.എസ്.എസ് പരീക്ഷയ്ക്കു ലഭിച്ച സ്കോറും ഒരുമിച്ചു ചേർത്ത് കണക്കാക്കിയാണ് പ്രതിഭാധനരായ കുട്ടികളെ കണ്ടെത്തുന്നത്. ഓരോ വിദ്യാഭ്യാസ ജില്ലയിൽ നിന്നും താഴെപ്പറഞ്ഞിരിക്കുന്ന രീതിയിൽ 20 പേരെയാണ് തെരഞ്ഞെടുക്കുന്നത്. ഇതിൽ 50% പെൺകുട്ടികൾ ആയിരിക്കുന്നതാണ്.

| | | |
|---|---|---|
| ജനറൽ വിഭാഗം | - | 15 |
| എസ്.സി/ഒ.ഇ.സി വിഭാഗം | - | 2 |
| എസ്.ടി വിഭാഗം | - | 2 |
| സി.ഡബ്ല്യു.എസ്.എൻ വിഭാഗം | - | 1 |
| | | ---- |
| | **ആകെ** | **20** |
| | | ========= |

എസ്.ടി വിഭാഗത്തിൽ കുട്ടികൾ ഇല്ലെങ്കിൽ എസ്.സി/ഒ.ഇ.സി വിഭാഗങ്ങളിൽ ഏതു വിഭാഗത്തിൽ നിന്നാണോ കുട്ടികൾ ഉൾപ്പെടാത്തത് ആ വിഭാഗത്തിലെ ഏറ്റവും ഉയർന്ന റാങ്ക് നേടിയ കുട്ടികളെ പരിഗണി ക്കുന്നതാണ്. എന്നാൽ രണ്ട് വിഭാഗങ്ങളിൽ നിന്നും കുട്ടികൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ഈ വിഭാഗങ്ങളിൽ നിന്നും കൂടുതൽ സ്കോർ നേടിയ 2 കുട്ടികളെ കൂടി ഉൾപ്പെടുത്തുന്നതാണ്.

സി.ഡബ്ല്യു.എസ്.എൻ. വിഭാഗത്തിൽ കുട്ടികൾ ഇല്ലെങ്കിൽ ജനറൽ വിഭാഗത്തിൽ നിന്നും ഒരാളെ തെരഞ്ഞെടുക്കുന്നതാണ്.

ഏതെങ്കിലും വിഭാഗത്തിൽ ഒന്നിലധികം കുട്ടികൾക്ക് ഒരേ സ്കോർ ലഭിച്ചതിനാൽ മേൽപ്പറഞ്ഞിരിക്കുന്ന രീതിയിൽ കുട്ടികളുടെ എണ്ണം പരിമിതപ്പെടുത്താൻ സാധിക്കാതെ വന്നാൽ അതിനായി താഴെ കൊടുത്തിരിക്കുന്ന മാനദണ്ഡം സ്വീകരിക്കുന്നതാണ്.

- ✧ യു എസ് എസ്, സ്ക്രീനിംഗ് ടെസ്റ്റ് - കളുടെ ആകെ സ്കോറിന്റെ കൂടെ സ്ക്രീനിംഗ് ടെസ്റ്റിന്റെ സ്കോർ ചേർക്കുക.
- ✧ അപ്പോഴും തുല്യത വന്നാൽ യുഎസ്എസ് പാർട്ട് ‘എ’-യുടെ സ്കോർ കൂടി ചേർക്കുക.
- ✧ വീണ്ടും തുല്യത വന്നാൽ യുഎസ്എസ് പാർട്ട് ബി-യുടെ സ്കോർ കൂടി ചേർക്കുക.
- ✧ എന്നിട്ടും തുല്യ സ്കോറുകൾ വന്നാൽ ജനനത്തീയതി പരിഗണിച്ച് പ്രായക്കൂടുതൽ ഉള്ളവർക്ക് പരിഗണന നൽകുക.

## IV. മൂല്യനിർണ്ണയം

(i) **LSS, USS പരീക്ഷ**കൾക്ക് തൽസമയ വിലയിരുത്തലും കേന്ദ്രീകൃത മൂല്യനിർണ്ണയവും ഉണ്ടായിരിക്കും. പരീക്ഷക്കു മേൽനോട്ടം വഹിക്കുന്ന അദ്ധ്യാപകർ തന്നെ തൽസമയ വിലയിരുത്തൽ നിർവഹിക്കേണ്ടതാണ്. പ്രവർത്തനാധിഷ്ഠിത ചോദ്യങ്ങളിൽ തത്സമയം വിലയിരുത്തേണ്ടവ ഉൾപ്പെടുന്നുണ്ടെങ്കിൽ ഇൻവിജിലേറ്റർമാർ വിലയിരുത്തി സ്കോർ ഉത്തരക്കടലാസിൽ രേഖപ്പെടുത്തുന്നതാണ്. ഈ സ്കോർ കൂടി കേന്ദ്രീകൃത മൂല്യനിർണ്ണയത്തിൽ ഗ്രേഡിനു പരിഗണിക്കുന്നതാണ്.

തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രത്തിൽ വച്ച് കേന്ദ്രീകൃത മൂല്യനിർണ്ണയം പിന്നീടു നടത്തുന്നതാണ്. ഇതിനായി പരീക്ഷയ്ക്കുശേഷം ചീഫ് സൂപ്രണ്ട് ഉത്തരക്കടലാസുകൾ രജിസ്റ്റർ നമ്പർ ക്രമത്തിൽ അടുക്കി പായ്ക്കറ്റിലാക്കി സീൽ ചെയ്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറെ ഏൽപ്പിക്കേണ്ടതാണ്.

കുട്ടികളുടെ പോർട്ട്ഫോളിയോ പരീക്ഷാകേന്ദ്രത്തിൽ വച്ചുതന്നെ വിലയിരുത്തുന്നതാണ്. അദ്ധ്യാപകർ പഠനോൽപന്നങ്ങൾ/പോർട്ട്ഫോളിയോ എന്നിവ നിശ്ചിത സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നതാണ്. ഓരോ മുറിയിൽ നിന്നും ലഭിക്കുന്ന സ്കോർഷീറ്റ് ഒരുമിച്ച് പായ്ക്കറ്റിലാക്കി സീൽ ചെയ്ത് ഉത്തരക്കടലാസിനൊപ്പം അന്നുതന്നെ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറെ ഏൽപ്പിക്കേണ്ടതാണ്.

(ii) **സ്ക്രീനിംഗ് ടെസ്റ്റ് :** പരീക്ഷ കഴിഞ്ഞാലുടനെ അതേ സെന്ററിൽ വച്ചുതന്നെ മൂല്യനിർണ്ണയം നടത്തേണ്ടതാണ്.

LSS, USS പരീക്ഷകളുടെ കേന്ദ്രീകൃത മൂല്യനിർണ്ണയവും ഈ സെന്ററിൽ തന്നെ നടത്തി ചീഫ് സൂപ്രണ്ട് എല്ലാ പരീക്ഷകളുടേയും ഉത്തരക്കടലാസ്, സ്കോർ ഷീറ്റുകൾ എന്നിവ പ്രത്യേകം കവറുകളിലാക്കി സീൽ ചെയ്ത് തുടർ നടപടികൾക്കായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറെ ഏൽപ്പിക്കേണ്ടതാണ്. ഇവ ഒരു വർഷം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്.

(iii) **മൂല്യനിർണ്ണയം സംബന്ധിച്ച മറ്റു പൊതുവിവരങ്ങൾ**

കേന്ദ്രീകൃത മൂല്യനിർണ്ണയം, സ്കോറുകളുടെ ക്രോഡീകരണം, ഡാറ്റാ എൻട്രി എന്നിവ ഉപജില്ലാ പരീക്ഷാ സമിതിയുടെ ചുമതലയിൽ നടത്തേണ്ടതാണ്. പരീക്ഷകളുടെ കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് ആവശ്യമുള്ള അദ്ധ്യാപകരെ AEO നിയമിക്കേണ്ടതാണ്. എൽ.എസ്.എസ്, യു.എസ്.എസ്. പരീക്ഷകളുടെ കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പും, കൂടാതെ പ്രതിഭാ നിർണ്ണയ പരീക്ഷയും അതിന്റെ മൂല്യനിർണ്ണയവും ഒരേ ദിവസം ഒരേ സെന്ററിൽ നടത്തേണ്ടതാണ്. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മൂല്യനിർണ്ണയ ത്തിനുശേഷം ക്രോഡീകരണത്തിനായി സ്കോർഷീറ്റുകൾ പ്രത്യേകം കവറുകളിലാക്കി സീൽ ചെയ്ത് BPO-യ്ക്ക് കൈമാറേണ്ടതാണ്.

## V. പരീക്ഷാകേന്ദ്രങ്ങൾ

ഉപജില്ലയിലെ പരീക്ഷാകേന്ദ്രങ്ങൾ അതത് ഉപജില്ലാ പരീക്ഷാസമിതി തെരഞ്ഞെടുക്കുന്നതാണ്.

i) **എൽ.എസ്.എസ് പരീക്ഷ :** ഓരോ ഗ്രാമപഞ്ചായത്തിലും ഒരു പരീക്ഷാകേന്ദ്രം ഉണ്ടായിരിക്കുന്നതാണ്. എന്നാൽ ഒരു സെന്ററിൽ 120-ൽ കൂടുതൽ കുട്ടികൾ പരീക്ഷ എഴുതുവാനുണ്ടെങ്കിൽ അതേ ഗ്രാമപഞ്ചായത്തിൽ ആവശ്യമെങ്കിൽ മറ്റൊരു പരീക്ഷാകേന്ദ്രം കൂടി അനുവദിക്കാവുന്നതാണ്. 20 കുട്ടികൾക്ക് ഒരു ഹാൾ/മുറി എന്ന രീതിയിൽ സൗകര്യപ്രദമായ സ്കൂളുകളാണ് പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുക്കേണ്ടത്.

ii) **യു.എസ്.എസ് പരീക്ഷ :** ഓരോ വിദ്യാഭ്യാസ ഉപജില്ലയിലും രണ്ടു പരീക്ഷാകേന്ദ്രങ്ങൾ വീതം ഉണ്ടായിരിക്കും. 20 കുട്ടികൾക്ക് ഒരു മുറി എന്ന രീതിയിലായിരിക്കും ഇരിപ്പിടങ്ങൾ ക്രമീകരിക്കുന്നത്.

iii) **സ്ക്രീനിംഗ് ടെസ്റ്റ് :** ഉപജില്ലാതലത്തിൽ സൗകര്യമുള്ള ഒരു ഹൈസ്കൂൾ പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുക്കേണ്ടതാണ്. 20 കുട്ടികൾക്ക് ഒരു ഹാൾ/മുറി എന്ന രീതിയിൽ ഇരിപ്പിട സൗകര്യം ക്രമീകരിക്കേണ്ടതാണ്.

## VI. പരീക്ഷാ സമിതികൾ

സൂചനയിലെ സർക്കാർ ഉത്തരവു പ്രകാരം എൽ.എസ്.എസ്, യു.എസ്.എസ്, സ്ക്രീനിംഗ് പരീക്ഷകൾ റവന്യൂ ജില്ലാ/ഉപജില്ലാതല പരീക്ഷാ സമിതികൾ രൂപീകരിച്ചു നടത്തുന്നതാണ്.

എൽ.എസ്.എസ്, യു.എസ്.എസ്, പരീക്ഷകൾ, സ്ക്രീനിംഗ് ടെസ്റ്റ് എന്നിവയുടെ നടത്തിപ്പ് ചുമതല റവന്യൂ ജില്ലാതലത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടർ (ചെയർമാൻ/പേഴ്സൺ) ഡയറ്റ് പ്രിൻസിപ്പൽ (കൺവീനർ) എസ്.എസ്.എ ജില്ലാ പ്രോജക്ട് ഓഫീസർ (മെമ്പർ) എന്നിവരടങ്ങിയ പരീക്ഷാ സമിതിക്കും ഉപജില്ലാ തലത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ (ചെയർമാൻ/പേഴ്സൺ) ഡയറ്റ് ഫാക്കൽറ്റിയംഗം (കൺവീനർ), എസ്.എസ്.എ ബ്ലോക്ക് പ്രോഗ്രാം ഓഫീസർ (മെമ്പർ) എന്നിവരടങ്ങിയ പരീക്ഷാ സമിതിക്കും ആയിരിക്കും. ഇതോടൊപ്പം പരീക്ഷയുടെ ഫലപ്രഖ്യാപനം, സർട്ടിഫിക്കറ്റ് വിതരണം, പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് ഫലം എത്തിക്കൽ, ഫലത്തിന്റെ വിശകലനം എന്നിവയും ജില്ലാതല പരീക്ഷാസമിതിയുടെ ചുമതലയായിരിക്കും.

## VII. ചീഫ് സൂപ്രണ്ട്, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്, ഇൻവിജിലേറ്റർമാർ എന്നിവരുടെ നിയമനം

പരീക്ഷാകേന്ദ്രങ്ങളിലെ ചീഫ് സൂപ്രണ്ട്, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട് എന്നിവരെ വിദ്യാഭ്യാസ ഉപഡയറക്ടറും ഇൻവിജിലേറ്റർമാരെ ഉപജില്ലാവിദ്യാഭ്യാസ ഓഫീസറും നിയമിക്കേണ്ടതാണ്.

ഹൈസ്കൂളുകളിലെ പ്രൈമറി അധ്യാപകരിൽ ഇൻവിജിലേറ്ററാകാൻ താൽപര്യമുള്ളവരെയും പരിഗണിക്കേണ്ടതാണ്.

(i) **എൽ.എസ്.എസ്. പരീക്ഷ :-** പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്ത സ്കൂളിലെ ഹെഡ്മാസ്റ്റർ, ചീഫ് സൂപ്രണ്ട് ആയിരിക്കും. ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്, ഇൻവിജിലേറ്റർമാർ എന്നിവരെ അടുത്തുള്ള ഗ്രാമപഞ്ചായത്തുകളിലെ വിദ്യാലയങ്ങളിലെ അദ്ധ്യാപകരിൽ നിന്നും തെരഞ്ഞെടുക്കേണ്ടതാണ്.

(ii) **യു.എസ്.എസ് പരീക്ഷ :** ഉപജില്ലയിൽ പരീക്ഷാകേന്ദ്രങ്ങളായി തെരഞ്ഞടുക്കപ്പെട്ട സ്കൂളുകളിലെ പ്രധാനാധ്യാപകൻ/പ്രധാനാധ്യാപിക ചീഫ് സൂപ്രണ്ട് ആയിരിക്കും. ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്, ഇൻവിജിലേറ്റർമാർ എന്നിവർ പ്രസ്തുത സെന്ററിൽ പരീക്ഷയെഴുതുന്ന കുട്ടികളുടെ സ്കൂളുകളിൽ നിന്നുള്ളവരാകരുത്.

**(iii) സ്ക്രീനിംഗ് ടെസ്റ്റ് :** ഉപജില്ലാതലത്തിൽ ഒരു ഹൈസ്കൂൾ സെന്ററായി തെരഞ്ഞടുത്താണ് പരീക്ഷ നടത്തുന്നത്. പ്രസ്തുത ഹൈസ്കൂളിലെ പ്രധാനാധ്യാപകൻ/പ്രധാനാധ്യാപിക ആയിരിക്കും ചീഫ് സൂപ്രണ്ട്. ഉപജില്ലയിലെ ഒരു യു.പി. സ്കൂൾ പ്രധാനാധ്യാപകൻ/പ്രധാനാധ്യാപിക ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട് ആയിരിക്കും.

എല്ലാ പരീക്ഷയിലും ഇൻവിജിലേഷൻ ഡ്യൂട്ടിക്ക് നിയോഗിക്കുന്ന അദ്ധ്യാപകരുടെ അടുത്ത ബന്ധുക്കൾ ആരും തന്നെ പരീക്ഷാഹാളിൽ ഇല്ലായെന്ന് ചീഫ് സൂപ്രണ്ട് ഉറപ്പു വരുത്തേണ്ടതാണ്. ഏതെങ്കിലും ബന്ധുക്കൾ പരീക്ഷാസെന്ററിൽ ഉണ്ടെങ്കിൽ ഇൻവിജിലേറ്റർമാർ പ്രസ്തുത വിവരം പരീക്ഷ ആരംഭിക്കുന്നതിന് മുമ്പ് തന്നെ ചീഫ് സൂപ്രണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഇൻവിജിലേറ്റർമാരിൽ നിന്നും ഒരു ഡിക്ളറേഷൻ എഴുതി വാങ്ങേണ്ടതാണ്.

## VIII. ഫലപ്രഖ്യാപനം

എൽ.എസ്.എസ്, യു.എസ്.എസ്, സ്ക്രീനിംഗ് ടെസ്റ്റ്-കളുടെ പരീക്ഷാഫലം ജില്ലാതല പരീക്ഷാ സമിതി 2014 ഫെബ്രുവരി 14-ന് മുമ്പ് പ്രഖ്യാപിക്കുന്നതാണ്. ഫലപ്രഖ്യാപനത്തിനുശേഷം തെരഞ്ഞെടുക്കുപ്പെട്ട കുട്ടികളുടെ ലിസ്റ്റ് മാർച്ച് 17-നു മുൻപ് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ എത്തിക്കുന്നതിനുള്ള ചുമതല ജില്ലാതല പരീക്ഷാസമിതി ചെയർമാനായ വിദ്യാഭ്യാസ ഉപഡയറക്ടർക്കായിരിക്കും.

## IX. സർട്ടിഫിക്കറ്റ്, സ്കോളർഷിപ്പ് തുക എന്നിവയുടെ വിതരണം

പരീക്ഷാഭവനിൽ നിന്നു കഴിഞ്ഞ വർഷം ലഭിച്ച മാതൃകയിൽ ജില്ലാതല പരീക്ഷാസമിതി (ഡയറ്റ് പ്രിൻസിപ്പൽ) സർട്ടിഫിക്കറ്റ് അച്ചടിച്ച് പേര് വിവരങ്ങൾ എഴുതി ഫെബ്രുവരി 22 ന് മുമ്പ് സ്കൂളുകൾക്ക് ലഭ്യമാക്കേണ്ടതാണ്. അതതു സ്കൂളിൽ നടത്തുന്ന ഒരു പൊതുചടങ്ങിൽ വച്ച് വിജയികൾക്കുള്ള സർട്ടിഫിക്കറ്റ് 28/02/2013 ന് മുമ്പ് വിതരണം ചെയ്യേണ്ടതാണ്. സ്കോളർഷിപ്പ് തുക അടുത്ത അദ്ധ്യയന വർഷം ഒന്നാം ടേമിൽ വിതരണം ചെയ്യുന്നതാണ്.

പരീക്ഷാനടത്തിപ്പുമായി ബന്ധപ്പെട്ട ചെലവ് SSA ഫണ്ടിൽ നിന്നും ലഭിക്കുന്നതാണ്.

## X. ചോദ്യപേപ്പർ സ്റ്റേറ്റുമെന്റ് തയ്യാറാക്കൽ

എൽ.എസ്.എസ്, യു.എസ്.എസ് പരീക്ഷകൾക്കും സ്ക്രീനിംഗ് ടെസ്റ്റിനും ഓരോ ഉപജില്ലയിലും രജിസ്റ്റർ ചെയ്ത കുട്ടികളുടെ എണ്ണം, പഠനമാധ്യമത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കി AEO -മാർ ചോദ്യപേപ്പർ സ്റ്റേറ്റുമെന്റ് തയ്യാറാക്കി ജില്ലാവിദ്യാഭ്യാസ ഓഫീസർ വഴി പരീക്ഷാഭവനിലേയ്ക്ക് E-mail ചെയ്യേണ്ടതാണ്. കൂടാതെ ഇപ്രകാരം തയ്യാറാക്കിയ സ്റ്റേറ്റുമെന്റിന്റെ പ്രിന്റ് ഔട്ട് "സൂപ്രണ്ട്, എച്ച് സെക്ഷൻ, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം" എന്ന മേൽവിലാസത്തിൽ സ്പീഡ് പോസ്റ്റിൽ അയയ്ക്കേണ്ടതുമാണ്. സ്റ്റേറ്റുമെന്റ് അയയ്ക്കുമ്പോൾ കവറിനു പുറത്ത് 'ചോദ്യപേപ്പർ സ്റ്റേറ്റുമെന്റ് എൽ.എസ്.എസ്/ യു.എസ്.എസ്/സ്ക്രീനിംഗ് ടെസ്റ്റ് 2014' എന്ന് ചുവപ്പ് മഷിയിൽ വലിയ അക്ഷരത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

## XI. ചോദ്യപേപ്പർ തയ്യാറാക്കൽ - വിതരണം

എൽ.എസ്.എസ്, യു.എസ്.എസ്.പരീക്ഷകൾ, സ്ക്രീനിംഗ് ടെസ്റ്റ് - എന്നിവയുടെ ചോദ്യപേപ്പർ തയ്യാറാക്കൽ, അച്ചടി, വിതരണം എന്നിവ പരീക്ഷാഭവൻ നിർവഹിക്കുന്നതാണ്. മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നഡ എന്നീ നാല് മീഡിയങ്ങളിൽ ചോദ്യപേപ്പർ തയ്യാറാക്കി നൽകുന്നതാണ്. ജില്ലാവിദ്യാഭ്യാസ ഓഫീസ് വഴിയായിരിക്കും എല്ലാ ചോദ്യപേപ്പറുകളുടേയും വിതരണം, പരീക്ഷാ പ്രവർത്തനങ്ങളുടെ സ്വഭാവം, വിലയിരുത്തൽ രീതി തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച വിശദമായ മാർഗരേഖയും പരീക്ഷാഭവനിൽ നിന്നും നൽകുന്നതാണ്. ഓരോ തലത്തിലുമുള്ളവരുടെ ചുമതല ഇതിൽ വ്യക്തമാക്കിയിരിക്കും

## XII. എൽ.എസ്.എസ്/യു.എസ്.എസ് /പ്രതിഭാനിർണ്ണയ പരീക്ഷകളുടെ പ്രവർത്തന കലണ്ടർ

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | തീയതി |
|---|---|---|
| 1 | ഓൺലൈൻ രജിസ്ട്രേഷൻ നടത്തുന്നതുമായി ബന്ധപ്പെട്ട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കുള്ള വീഡിയോ കോൺഫറൻസ് (ജില്ലയിലെ ഐ.റ്റി.സി-യിൽ) | 03/12/2013 2.00 pm |
| 2 | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ വെബ്സൈറ്റ് അവരവരുടെ ഉപജില്ലകളുടെ ആവശ്യങ്ങൾക്ക് അനുയോജ്യമാക്കി സജ്ജീകരിച്ചതിനുശേഷം സ്കൂളുകൾക്ക് പാസ്‌വേഡുകൾ നൽകേണ്ട അവസാന തീയതി | 06/12/2013 |
| 3 | സ്കൂളുകൾ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കേണ്ട തീയതി | 06/12/2013 |
| 4 | സ്കൂളുകൾ കുട്ടികളുടെ ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ട അവസാന തീയതി | 20/12/2013 |
| 5 | ഓൺലൈൻ ആയി രജിസ്റ്റർ ചെയ്ത് അന്തിമമാക്കിയ പരീക്ഷാർത്ഥികളുടെ പട്ടികയുടെ പ്രിന്റ് ഔട്ട് പ്രധാനാദ്ധ്യാപകൻ ഒപ്പിട്ട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കേണ്ട അവസാന തീയതി | 21/12/2013 |
| 6 | പരീക്ഷാർത്ഥികളുടെ എണ്ണത്തിലുള്ള കുറവു കൊണ്ടോ അവിചാരിതമായി ഉണ്ടായ മറ്റേതെങ്കിലും പ്രശ്നങ്ങൾ മൂലമോ ഏതെങ്കിലും സെന്ററുകൾ മാറ്റുകയോ റദ്ദാക്കുകയോ തമ്മിൽ ലയിപ്പിക്കുകയോ ചെയ്യേണ്ടി വന്നാൽ മേലധികാരികളുടെ ഉത്തരവിന് അനുസരിച്ച് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ വെബ്സൈറ്റിൽ മാറ്റങ്ങൾ വരുത്തേണ്ട അവസാന തീയതി | 23/12/2013 |
| 7 | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ കസ്റ്റ്യൻ പേപ്പർ സ്റ്റേറ്റ്മെന്റ് ഡൗൺലോഡ് ചെയ്ത് ഒപ്പോടുകൂടി ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് സമർപ്പിക്കേണ്ട അവസാന തീയതി | 23/12/2013 |
| 8 | ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ തങ്ങളുടെ വിദ്യാഭ്യാസ ജില്ലയിലെ എല്ലാ ഉപജില്ലകളിലേയും കസ്റ്റ്യൻ പേപ്പർ സ്റ്റേറ്റ്മെന്റ് പരീക്ഷാസെക്രട്ടറിക്ക് ഇ-മെയിൽ ചെയ്യേണ്ട അവസാന തീയതി (cgeasection@gmail.com) | 24/12/2013 |
| 9 | പരീക്ഷാഭവനിൽ നിന്നും രജിസ്റ്റർ നമ്പരുകൾ അനുവദിക്കുന്ന തീയതി | 28/12/2013 |
| 10 | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ പരീക്ഷാസെന്റർ അടിസ്ഥാനത്തിൽ പരീക്ഷാർത്ഥികളുടെ രജിസ്റ്റർ നമ്പരുകൾ ഉള്ള പട്ടിക ഡൗൺലോഡ് ചെയ്ത് സെന്ററുകളുടെ ചീഫ് സൂപ്രണ്ടുമാർക്ക് നൽകേണ്ട അവസാന തീയതി | 31/12/2013 |
| 11 | പ്രധാനാദ്ധ്യാപകർ ഹാൾടിക്കറ്റുകൾ ഡൗൺലോഡ് ചെയ്ത് ഒപ്പ് രേഖപ്പെടുത്തി, സെന്റർ ചീഫ് സൂപ്രണ്ടുമാർക്ക് സമർപ്പിച്ച് ഒപ്പ് വാങ്ങി അന്തിമമാക്കി, പരീക്ഷാർത്ഥികൾക്കു വിതരണം ചെയ്യേണ്ട അവസാന തീയതി | 10/01/2014 |
| 12 | എൽ.എസ്.എസ്, യു.എസ്.എസ് സ്കോളർഷിപ്പ് പരീക്ഷകളുടെ തീയതി | 18/01/2014 |
| 13 | പ്രതിഭാനിർണ്ണയ പരീക്ഷ, കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പ് എന്നിവയുടെ തീയതി | 01/02/2014 |
| 14 | ബി.ആർ.സി തലത്തിൽ ഓൺലൈൻ സ്കോർ എൻട്രി പൂർത്തിയാക്കേണ്ട അവസാന തീയതി | 07/02/2014 |
| 15 | ഡയറ്റ് പരീക്ഷാഫലങ്ങൾ തയ്യാറാക്കേണ്ട അവസാന തീയതി | 12/02/2014 |
| 16 | ജില്ലാതല പരീക്ഷാസമിതി പരീക്ഷാഫലം പരിശോധിച്ച് അംഗീകരിക്കേണ്ട അവസാന തീയതി | 13/02/2014 |
| 17 | ജില്ലാതല പരീക്ഷാസമിതി പരീക്ഷാഫലങ്ങൾ പ്രസിദ്ധീകരിക്കേണ്ട അവസാന തീയതി | 14/02/2014 |

പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് ഈ വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.

**JOHNS V. JOHN**
**Secretary to the Commissioner for Govt. Examinations**

# പാർട്ട് സിയുമായി ബന്ധപ്പെട്ട് നൽകുന്ന പ്രത്യേക നിർദ്ദേശങ്ങൾ

## I. എൽ.എസ്.എസ് പരീക്ഷ

**പോർട്ട്ഫോളിയോ വിലയിരുത്തലിനായി കുട്ടികൾ കൊണ്ടുവരേണ്ട ഇനങ്ങളുടെ വിശദാംശങ്ങൾ**

i) **ഇംഗ്ലീഷ്** : വിവരണം - (Description) - ഒരെണ്ണം

ii) **ഗണിതം** : ഭാരം/ചുറ്റളവ് എന്നിവയിൽ ഏതെങ്കിലും ഒന്നുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്ന നിർദ്ധാരണം - ഒരെണ്ണം.

iii) **മലയാളം** : ആസ്വാദനപട്ടിക പൂരിപ്പിച്ചത് (വാഴക്കുല), ആസ്വാദനക്കുറിപ്പ് (ഗ്രാമശ്രീ), ആസ്വാദനക്കുറിപ്പിന്റെ സൂചകങ്ങൾ,

മലയാളം പോർട്ട്ഫോളിയോ ഇനങ്ങൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

- 2013-ലെ എൽ.എസ്.എസ് പരീക്ഷാചോദ്യങ്ങളിൽപ്പെട്ട ആസ്വാദന പട്ടിക തയ്യാറാക്കാനുള്ള പ്രവർത്തനം ക്ലാസിൽ നടത്തേണ്ടതാണ്.
- ചങ്ങമ്പുഴയുടെ വാഴക്കുല എന്ന കവിതയിലെ തെരഞ്ഞെടുത്ത ഭാഗങ്ങൾ (അനുബന്ധം 1) ആണ് ആസ്വാദന പട്ടിക തയ്യാറാക്കാനായി നൽകേണ്ടത്. (ടീച്ചർ കവിത ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കണം).
- അനുബന്ധം 2 - ൽ നൽകിയിട്ടുള്ള രൂപരേഖ പ്രകാരമാണ് കുട്ടികൾ ആസ്വാദന പട്ടിക തയ്യാറാക്കേണ്ടത്.

  ക്ലാസിൽ എല്ലാവർക്കുമായി നടക്കേണ്ട പ്രക്രിയ ചുവടെ ചേർക്കുന്നു.

**ആസ്വാദന പട്ടിക തയ്യാറാക്കൽ**

- കവിത, ഭാവം ഉൾക്കൊണ്ട് അനുയോജ്യമായ ഈണത്തിൽ ചൊല്ലി ആസ്വദിക്കുന്നു. (വ്യക്തിഗതം, ഗ്രൂപ്പ്)
- ആസ്വാദന പട്ടിക പരിചയപ്പെടുത്തുന്നു.
- ആസ്വാദന പട്ടികയുടെ രൂപരേഖ എല്ലാവരും പകർത്തിയെഴുതുന്നു.
- വ്യക്തിഗതമായി ആസ്വാദന പട്ടിക പൂർത്തിയാക്കുന്നു.
- നാലുപേർ വീതമുള്ള ഗ്രൂപ്പാക്കുന്നു.
- ഗ്രൂപ്പിൽ ആസ്വാദന പട്ടികയിലെ ഓരോയിനവും പൂരിപ്പിച്ചത് ഓരോരുത്തരും അവതരിപ്പിക്കുന്നു. ചർച്ചയിലൂടെ മെച്ചപ്പെടുത്തുന്നു. തന്റെ പട്ടികയിലെ ഓരോ ഇനവും മെച്ചപ്പെടുത്തി എഴുതുന്നു.

  (ഒരു ഇനം ചർച്ച ചെയ്ത് പട്ടിക കൂടുതൽ മെച്ചപ്പെടുത്തിയതിനുശേഷമാണ് അടുത്തയിനം ചർച്ച ചെയ്യേണ്ടത്)

- ഗ്രൂപ്പുകളിൽ നിന്നും പ്രതിനിധികൾ പൊതു അവതരണം നടത്തുന്നു.

  (ഇതും ഓരോയിനവും ചർച്ച ചെയ്ത് ധാരണ മെച്ചപ്പെടുത്തുന്ന രീതിയിലാകണം. ഒരിനത്തോട് എല്ലാ ഗ്രൂപ്പിന്റേയും പ്രതികരണം ആവശ്യപ്പെടണം. അധ്യാപികയുടെ നിരീക്ഷണങ്ങളും കൂട്ടിച്ചേർക്കണം. ഓരോ ഗ്രൂപ്പിൽ നിന്നും ഓരോ ഇനം അവതരിപ്പിക്കത്തക്കവിധം ഇനങ്ങൾ വീതിച്ചെടുത്തിരിക്കണം. ചർച്ചയിൽ എല്ലാവർക്കും പങ്കാളിത്തം ഉണ്ടാവേണ്ടതാണ്).

- ഇതിനുശേഷം പൊതുചർച്ചയുടേയും അധ്യാപികയുടെ നിരീക്ഷണങ്ങളുടേയും അടിസ്ഥാനത്തിൽ ഓരോരുത്തരും തങ്ങളുടെ ആസ്വാദനപ്പട്ടിക മെച്ചപ്പെടുത്തി തയ്യാറാക്കേണ്ടതാണ്.

  എൽ.എസ്.എസ് പരീക്ഷയ്ക്കുവരുന്ന കുട്ടികൾ അവർ ഇങ്ങനെ പൂർത്തീകരിച്ച ആസ്വാദനപ്പട്ടിക കൊണ്ടുവരേണ്ടതാണ്.

**ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ**

ഒരു കവിതയുടെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കുമ്പോൾ എന്തെല്ലാമാണ് പരിഗണിക്കേണ്ടത്? (പൊതുചർച്ച)

- കുട്ടികളുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ ആസ്വാദനക്കുറിപ്പിനുള്ള സൂചകങ്ങൾ വികസിപ്പിക്കണം.
- ആസ്വാദനക്കുറിപ്പിന്റെ സൂചകങ്ങൾ അധ്യാപിക ചാർട്ടിൽ പ്രദർശിപ്പിച്ച് വ്യക്തത വരുത്തണം. (അനുബന്ധം 3 - പ്രയോജനപ്പെടുത്താവുന്നതാണ്).
- തുടർന്ന് മലയാളം പാഠപുസ്തകത്തിലെ 'ഗ്രാമശ്രീകൾ' എന്ന കവിതയുടെ ആസ്വാദനക്കുറിപ്പ് എഴുതാൻ നിർദ്ദേശിക്കണം.
- ഓരോരുത്തരും എഴുതിയത് ഗ്രൂപ്പ് എഡിറ്റിംഗിന് വിധേയമാക്കി മെച്ചപ്പെടുത്തണം.
- എൽ.എസ്.എസ് പരീക്ഷയ്ക്ക് ഇത് പോർട്ട്ഫോളിയോ ഇനമായി കൊണ്ടു വരേണ്ടതാണ്. വ്യക്തിഗത രചനയും ഗ്രൂപ്പ് എഡിറ്റിങ്ങിന് വിധേയമാക്കി മെച്ചപ്പെടുത്തിയതും കരുതണം.

**അതായത് കുട്ടി കൊണ്ടുവരേണ്ട ഇനങ്ങൾ ഇവയാണ്.**

- ഇംഗ്ലീഷ് : വിവരണം - (Description) - ഒരെണ്ണം
- ഗണിതം : ഭാരം/ചുറ്റളവ് എന്നിവയിൽ ഏതെങ്കിലും ഒന്നുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്ന നിർദ്ധാരണം - ഒരെണ്ണം.
- ആസ്വാദനപ്പട്ടിക പൂരിപ്പിച്ചത് (വാഴക്കുല)
- ആസ്വാദനക്കുറിപ്പ് (ഗ്രാമശ്രീകൾ എന്ന കവിതയുടെ) - വ്യക്തിഗത രചനയും ഗ്രൂപ്പ് എഡിറ്റിങ്ങിന് വിധേയമാക്കി മെച്ചപ്പെടുത്തിയതും കരുതണം.
- ആസ്വാദനക്കുറിപ്പിന്റെ സൂചകങ്ങൾ

## വാഴക്കുല

പണ്ടുകാലത്ത് തമ്പ്രാക്കന്മാരുടെ പാടത്തും പറമ്പിലും എല്ലുമുറിയെ പണിയുകയല്ലാതെ സ്വന്തമായ ഭൂമിയോ അവകാശങ്ങളോ ഒന്നും അടിയാന്മാർ ക്കുണ്ടായിരുന്നില്ല. തമ്പുരാന്റെ കല്പനകൾ ചോദ്യം ചെയ്തുകൂടാ. അധ്വാനിക്കുന്നവന് സമ്പത്തില്ല. ആടുമാടുകളെപ്പോലെ കഴിയണം. ഈ ദുരവസ്ഥയെ ആധാരമാക്കി ചങ്ങമ്പുഴ കൃഷ്ണപിള്ള എഴുതിയ കവിതയാണ് വാഴക്കുല. കവിതയുടെ സാരാംശം പരിചയപ്പെടൂ.

(മലയപ്പുലയന്റെ മക്കളാണ് - തേവനും മാതേവനും നീലിയും. അവരുടെ അമ്മയാണ് അഴകി)

മലയപ്പുലയനാ മാടത്തിൻ മുറ്റത്തു
മഴവന്ന നാളൊരു വാഴ നട്ടു
മനതാരിലാശകൾ പോലതിലോരോരോ
മരതകക്കൂമ്പു പൊടിച്ചു വന്നു.
അരുമക്കിടാങ്ങളിലൊന്നായതിനെയും
അഴകിപ്പുലക്കള്ളിയോമനിച്ചു.
. . . . . . . . . . . . . . . . . . . . . . .
. . . . . . . . . . . . . . . . . . . . . . .
ഉഴുകുവാൻ രാവിലെ പോകും മലയനു
മഴകിയും-പോരുമ്പോളന്തിയാകും.
ചെറുവാഴത്തൈയ്യിനു വെള്ളമൊഴിക്കുവാൻ
മറവി പറ്റാറില്ലവർക്കു ചെറ്റും.
അനുദിനമങ്ങനെ ശുശ്രൂഷ ചെയ്കയാ
ലതു വേഗം വേഗം വളർന്നു വന്നു
. . . . . . . . . . . . . . . . . . . . . . .
. . . . . . . . . . . . . . . . . . . . . . .
പകലൊക്കെപ്പൈതങ്ങളാവാഴത്തൈത്തണൽ
പ്പരവതാനിക്കു മേൽ ചെന്നിരിക്കും
പൊരിയും വയറുമായുച്ചക്കൊടും വെയിൽ
ചൊരിയുമ്പൊ,ഴൂതപ്പുലക്കിടാങ്ങൾ

അവിടെയിരുന്നു കളിപ്പതു കാൺകി,ലേ
തലിയാത്ത ഹൃത്തുമലിഞ്ഞു പോകും.
. . . . . . . . . . . . . . . . . . . . . . .
. . . . . . . . . . . . . . . . . . . . . . .

പറയുന്നൂ മാതേവൻ :- "ഈ ഞാലിപ്പൂവന്റെ
പഴമെത്ര സാദൊള്ളതായിരിക്കും"
പരിചോടനുജന്റെ വാക്കിൽ, ചിരിവന്നു
പരിഹാസഭാവത്തിൽ തേവനോതി:-
"കൊല വരാറായി,ല്ലതിനു മുമ്പേ തന്നെ
കൊതിയന്റെ നാക്കത്തു വെള്ളം വന്നു! "
പരിഭവിച്ചിടുന്നൂ നീലി:- "അന്നച്ഛന
തരിവാങ്ങാൻ വല്ലോർക്കും വെട്ടി വിക്കും"
. . . . . . . . . . . . . . . . . . . . . . .
. . . . . . . . . . . . . . . . . . . . . . .
ഇതുവിധം നിത്യമാവാഴച്ചുവട്ടി, ല-
ക്കൊതിയ സമാജം നടന്നു വന്നു.
കഴിവതും വേഗം കുലയ്ക്കണ,മെന്നുള്ളിൽ-
ക്കരുതിയിരിക്കുമാ വാഴപോലും !
. . . . . . . . . . . . . . . . . . . . . . .
. . . . . . . . . . . . . . . . . . . . . . .
"കരയാതെ മക്കളേ കല്പിച്ചു തമ്പിരാൻ
ഒരു വാഴ വേറെ. . .   ഞാൻ കൊണ്ടുപോട്ടേ"
മലയൻ നടന്നു-നടക്കുന്നു മാടത്തി-
ലലയും മുറയും നിലവിളിയും.

**നിഘണ്ടു**

മനതാര് - മനസ്സ്
മരതകനിറം - പച്ചനിറം

**ആസ്വാദനപ്പട്ടിക**

| | |
|---|---|
| വാഴത്തൈയോടുള്ള ആ കുടുംബത്തിന്റെ തീവ്രമായ അടുപ്പം സൂചിപ്പിക്കുന്ന വരികൾ എഴുതുക. | 1. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .<br>2. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . |
| കുടുംബത്തിന്റെ ദാരിദ്ര്യവും കഷ്ടപ്പാടും വ്യക്തമാക്കുന്ന വരികൾ കുറിക്കുക. | 1. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .<br>2. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . |
| അടിയാൻമാരുടെ നിസ്സഹായത പ്രതിഫലിപ്പിക്കുന്ന വരികൾ കണ്ടെത്തിയെഴുതുക. | 1. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .<br>2. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . |
| നിങ്ങൾക്കു ഏറ്റവും ഇഷ്ടപ്പെട്ട രണ്ടു വരികൾ (കാരണവും എഴുതണേ) | . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . |
| ശബ്ദഭംഗിയുള്ള വരികൾ (ശബ്ദ ഭംഗിക്ക് കാരണമായ വാക്കുകൾ /അക്ഷരങ്ങൾ ഇവയുടെ അടിയിൽ വരയ്ക്കുക) | . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . |
| "ഒരു വാഴ വേറെ . . . ഞാൻ കൊണ്ടുപോട്ടെ.." എന്നു അപൂർണമായ രീതിയിൽ പറയുന്നതിന്റെ ഫലമായി കവിതയ്ക്കു എന്തെങ്കിലും മികവു കിട്ടിയോ? | . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . |

2013 ലെ എൽ.എസ്.എസ് പരീക്ഷയിൽ ആസ്വാദനക്കുറിപ്പ് സ്വയം വിലയിരുത്താനായി കുട്ടികൾക്ക് നൽകിയ നിർദ്ദേശങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്. ആസ്വാദനക്കുറിപ്പിന്റെ സൂചകങ്ങൾ വികസിപ്പിക്കുന്ന ഘട്ടത്തിൽ അധ്യാപികയ്ക്ക് ആവശ്യമെങ്കിൽ ഇത് പ്രയോജനപ്പെടുത്താവുന്നതാണ്.

**ആസ്വാദനക്കുറിപ്പ് സ്വയം വിലയിരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ**

ആകെ എഴുപത് സ്കോറാണുള്ളത്. കവിതയിലെ ആശയങ്ങൾ, അർഥഭംഗി, ശബ്ദഭംഗി, സ്വന്തം അഭിപ്രായം, ഭാഷാപരമായ മികവ്, അവതരണമികവ് എന്നിവ പരിഗണിച്ചാണ് സ്കോർ നൽകേണ്ടത്. ഇവ ഓരോന്നിനുമുള്ള വിലയിരുത്തൽ നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിച്ച് സ്വന്തം രചന വിലയിരുത്തുക. ആറു കാര്യങ്ങൾ പരിഗണിക്കുന്നു. ഓരോന്നിനും സൂചകങ്ങൾ പ്രകാരം എഴുതാൻ തീരെ കഴിഞ്ഞിട്ടില്ലെങ്കിൽ സ്കോർ നൽകേണ്ടതില്ല. സ്കോർ നിങ്ങൾക്ക് നൽകിയിട്ടുള്ള സ്വയം വിലയിരുത്തൽ രേഖയിൽ എഴുതണം. ഉദാഹരണങ്ങൾ നൽകിയിരിക്കുന്നത് നിങ്ങൾക്ക് സഹായകരമാകും.

**a) കവിതയിലെ ആശയങ്ങൾ (പരമാവധി സ്കോർ - 10)**

**സൂചകങ്ങളും സ്കോറുകളും**

- ആസ്വാദനക്കുറിപ്പിൽ കവിതയിലെ പ്രധാന ആശയങ്ങളെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ (10 സ്കോർ)
- കുറച്ച് ആശയങ്ങൾ മാത്രമെങ്കിൽ (5 സ്കോർ)

**b) അർഥഭംഗി (പരമാവധി സ്കോർ - 10)**

**അർഥഭംഗി - ഉദാഹരണം**

*സന്ധ്യാസമയത്തെ ആകാശം എന്നതിന് മൂവന്തിക്കുറിതൊട്ട പൂമാനം എന്ന് കവി എഴുതി. മാനത്തെ പൂമാനം എന്നാണ് വിളിച്ചിരിക്കുന്നത്. അഴകുള്ള ആകാശം കുറി കൂടി തൊട്ടാൽ ചന്തമേറും.*

**സൂചകങ്ങളും സ്കോറുകളും**

- കവിതയിലെ വാക്കുകൾ, വരികൾ, പ്രയോഗങ്ങൾ എന്നിവയ്ക്ക് ഒന്നിൽ കൂടുതൽ അർഥമോ, കൂടുതൽ ആശയങ്ങളെ സൂചിപ്പിക്കാനുള്ള സാധ്യതയോ ഉണ്ടെങ്കിൽ അവ കണ്ടെത്തി ആസ്വാദനക്കുറിപ്പിൽ വിശദീകരിച്ചിട്ടുണ്ട്. (10 സ്കോർ)

- ഇങ്ങനെയുള്ള വാക്കുകൾ/വരികൾ/പ്രയോഗങ്ങൾ എന്നിവയിൽ ചിലത് സൂചിപ്പിച്ചിട്ടുണ്ട്. പൂർണമായി വിശദീകരിച്ചിട്ടില്ല. (5 സ്കോർ)

- ചില വാക്കുകൾ/വരികൾ/പ്രയോഗങ്ങൾ എന്നിവ സൂചിപ്പിച്ചു. വിശദീകരണമില്ല. (3 സ്കോർ)

## c) ശബ്ദഭംഗി (പരമാവധി സ്കോർ - 10)

**ശബ്ദഭംഗി : ഉദാഹരണം**

മലയപ്പുലയനാ മാടത്തിൻ മുറ്റത്ത്
മഴ വന്ന നാളൊരു വാഴ നട്ടു.

ഈ വരികൾ നോക്കൂ. 'മ' എന്ന അക്ഷരം ഒരേ വരിയിൽ ആവർത്തിച്ചതിനാൽ കേൾക്കാനിമ്പം തോന്നുന്നില്ലേ. ല, ന, ഴ എന്നീ അക്ഷരങ്ങളും ഇങ്ങനെ ശബ്ദസുഖം നൽകുന്നവയാണ്. രണ്ടു വരികളുടെയും ആദ്യാക്ഷരം 'മ' യാണ്. ഇതും ശബ്ദഭംഗി കൂട്ടുന്നു. ഇതേപ്പോലെ ശബ്ദഭംഗിയുള്ളവയാണ് ഈ കവിതയിലെ എല്ലാ വരികളും.

അച്ഛൻ കൊമ്പത്ത്
അമ്മ വരമ്പത്ത്
കള്ളൻ ചക്കേട്ടു
കണ്ടാമിണ്ടണ്ട

ഈ വരികൾ ഉച്ചത്തിൽ ചൊല്ലി നോക്കൂ
ശബ്ദഭംഗി നൽകുന്നില്ലേ വരികളിലെ സമാനമായ താളം

**സൂചകങ്ങളും സ്കോറുകളും**

- കവിതയിൽ അക്ഷരങ്ങളുടെയോ വാക്കുകളുടെയോ ആവർത്തനം ഒരേ വരിയിലോ അടുത്തടുത്ത വരിയിലോ വരുന്നതുമൂലമോ, പ്രത്യേക താളമുള്ള വരികൾ ആവർത്തിക്കുന്നതിലൂടെയോ ഉണ്ടാകുന്ന ശബ്ദഭംഗി കണ്ടെത്തി ഉദാഹരണം സഹിതം വ്യക്തമാക്കിയിട്ടുണ്ട്.

  (10 സ്കോർ)

- ശബ്ദഭംഗിയുള്ള ഭാഗങ്ങൾ സൂചിപ്പിച്ചിട്ടുണ്ട് കാരണം വ്യക്തമാക്കിയിട്ടില്ല

  (5 സ്കോർ)

## d) സ്വന്തം അഭിപ്രായം (പരമാവധി സ്കോർ - 10)

**സൂചകങ്ങളും സ്കോറുകളും**

കവിതയിലെ ആശയം, വരികൾ, വാക്കുകൾ, പ്രയോഗങ്ങൾ എന്നിവ എന്നിലുണ്ടാക്കിയ ചിന്തകൾ, എന്നെ ഓർമ്മിപ്പിച്ച അനുഭവങ്ങൾ, കവിതയോടുള്ള എന്റെ ഇഷ്ടത്തിനു കാരണം, ഉള്ളടക്കത്തിന്റെ പ്രാധാന്യം എന്നിവയിലേതെങ്കിലും സംബന്ധിച്ച് എന്റെ അഭിപ്രായം ആസ്വാദനക്കുറിപ്പിലുണ്ട്.

(10 സ്കോർ)

അഭിപ്രായം എഴുതിയിട്ടുണ്ട്. ഇഷ്ടമായി, നല്ല കവിതയാണ് എന്ന രീതിയിൽ മാത്രം

(5 സ്കോർ)

## e) തെറ്റില്ലാത്ത ഭാഷ (പരമാവധി സ്കോർ - 20)

**സൂചകങ്ങളും സ്കോറുകളും**

- അക്ഷരത്തെറ്റുകൾ, അനാവശ്യമായ വാക്കുകൾ, വാക്യങ്ങളിലെ അവ്യക്തത എന്നിവ ഒഴിവാക്കുന്നതിനും അനുയോജ്യമായ പദങ്ങൾ തെരഞ്ഞെടുത്തു പയോഗിക്കുന്നതിനും ശ്രദ്ധിച്ചിട്ടുണ്ട്.

(10 സ്കോർ)

- എഴുതിയത് വീണ്ടും വായിച്ചു നോക്കി ഭാഷാപരമായ മെച്ചപ്പെടുത്തലിനും ചെറിയ രീതിയിൽ ശ്രമിച്ചിട്ടുണ്ട്.

(10 സ്കോർ)

## f) അവതരണ മികവ് (പരമാവധി സ്കോർ - 10)

**സൂചകങ്ങളും സ്കോറുകളും**

- തുടക്കവും ഒടുക്കവും മെച്ചപ്പെടുത്തുന്നതിനും ആശയങ്ങൾ ഖണ്ഡിക തിരിച്ച് എഴുതുന്നതിനും കഴിഞ്ഞിട്ടുണ്ട്. (10 സ്കോർ)

- ആശയങ്ങൾ ക്രമീകരിച്ചെഴുതുന്നതിൽ ശ്രദ്ധിച്ചിട്ടുണ്ട്.

(5 സ്കോർ)

## II. യു.എസ്.എസ് പരീക്ഷ

**പൊതുനിർദ്ദേശങ്ങൾ:-**

**പോർട്ട്ഫോളിയോ വിലയിരുത്തലിനായി താഴെകൊടുത്തിരിക്കുന്ന ഇനങ്ങളാണ് പരിഗണിക്കുന്നത്.**

- മലയാളത്തിൽ, **പരസ്യങ്ങളുമായി ബന്ധപ്പെടുത്തി ഒരു ലേഖനവും** അടിസ്ഥാനശാസ്ത്രത്തിൽ, **'താപം പ്രവർത്തിക്കുമ്പോൾ' എന്ന യൂണിറ്റിന്റെ അവലോകന റിപ്പോർട്ടുമാണ്** പോർട്ട്ഫോളിയോ വിലയിരുത്തലിനായി പരീക്ഷാർത്ഥികൾ കൊണ്ടുവരേണ്ടത്.
  ഇവ ഓരോന്നും തയ്യാറാക്കുന്നതിനുള്ള പ്രക്രിയകളും നിർദ്ദേശങ്ങളും വിശദമായി താഴെ കൊടുത്തിട്ടുണ്ട്.
- ഗണിതം, സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങളിൽ **ഏതെങ്കിലുമൊന്നിൽ** ക്ലാസ്റൂം പ്രക്രിയയുമായി ബന്ധപ്പെട്ട ഒരു പ്രവർത്തനത്തിന്റെ **തൽസമയ വിലയിരുത്തലും** ഉണ്ടാകുന്നതാണ്.
- തയ്യാറാക്കി കൊണ്ടുവരുന്ന **പോർട്ട്ഫോളിയോയ്ക്ക് 14 സ്കോറും** (ലേഖനത്തിന് 7 സ്കോറും അവലോകന റിപ്പോർട്ടിന് 7 സ്കോറും), **തൽസമയ വിലയിരുത്തലിന് 6 സ്കോറു**മാണ് നൽകുന്നത്.

### i) മലയാളം

മലയാളവുമായി ബന്ധപ്പെട്ട ക്ലാസ്സിൽ നടക്കുന്ന പ്രക്രിയയുടെ ഭാഗമായി തയ്യാറാക്കുന്ന ലേഖനമാണ് ഇത്തവണ വിലയിരുത്തലിനായി കൊണ്ടുവരേണ്ടത്. (പഠനപ്രവർത്തനത്തിന്റെ ഭാഗമായി തയ്യാറാക്കിയ നോട്ടുപുസ്തകത്തിനു പുറമെ) ഈ പ്രവർത്തനത്തിന്റെ പ്രക്രിയ താഴെ നൽകുന്നു.

ഇഷ്ടപ്പെട്ട പരസ്യവാചകം പറയൽ - ബോർഡിൽ രേഖപ്പെടുത്തൽ

എന്തുകൊണ്ട് ഇഷ്ടപ്പെടുന്നു ഓരോരുത്തരും അവതരിപ്പിക്കൽ

ഓരോ കുട്ടിക്കും ഒന്നോ രണ്ടോ ദിനപത്രം നൽകുന്നു.

പരമാവധി പരസ്യങ്ങൾ കുട്ടികൾ കണ്ടെത്തുന്നു. അടുത്തിരിക്കുന്ന അഞ്ചോ ആറോ പേരടങ്ങുന്ന സംഘങ്ങളിൽ പരസ്യങ്ങൾ പട്ടികപ്പെടുത്തുന്നു.

ഒരു സംഘത്തിൽ നിന്നും ഒരു പരസ്യം വായിക്കുന്നു. ഉദാ:- സിനിമ. അധ്യാപിക അതു ബോർഡിൽ രേഖപ്പെടുത്തുന്നു. അതോടൊപ്പം 'വിനോദം' എന്ന് മുകളിൽ രേഖപ്പെടുത്തുന്നു.

സിനിമ വിനോദവുമായി ബന്ധപ്പെട്ടതാണ്. വിനോദവുമായി ബന്ധപ്പെട്ട മറ്റു പരസ്യങ്ങളുണ്ടോ?

കുട്ടികൾ നിർദ്ദേശിക്കുന്ന മറ്റ് പരസ്യങ്ങൾ കൂടി ബോർഡിൽ എഴുതുന്നു.

ഇത്തരത്തിൽ ഏതെല്ലാം മേഖലകളുമായി ബന്ധപ്പെട്ട പരസ്യങ്ങളാണുള്ളത്? ചർച്ച.

തുടർന്ന് ഓരോ സംഘവും പട്ടികപ്പെടുത്തിയ പരസ്യങ്ങളെ മേഖലകളായി തരം തിരിക്കുന്നു.

(ആവശ്യമെങ്കിൽ ചെറിയ സൂചനകൾ അധ്യാപിക നൽകണം)

തുടർന്ന് ഓരോ സംഘവും അവതരിപ്പിക്കുന്നു. അധ്യാപിക ബോർഡിൽ രേഖപ്പെടുത്തുന്നു.

മറ്റു സംഘങ്ങളുടെ അഭിപ്രായങ്ങൾകൂടി പരിഗണിച്ച് മെച്ചപ്പെടുത്തുന്നു. പരസ്യങ്ങൾ വിവിധ മേഖലകളാക്കിയ പട്ടിക തയ്യാറാക്കുന്നു.

| | | |
|---|---|---|
| **മേഖലകളുമായി ബന്ധപ്പെട്ട് അധ്യാപികയ്ക്കുള്ള സൂചനകൾ** | | |
| **സൗന്ദര്യവുമായി ബന്ധപ്പെട്ടവ** | – | ആഭരണം, വസ്ത്രം, എണ്ണ, സോപ്പ്, ക്രീമുകൾ, പേസ്റ്റുകൾ, ബ്രഷ്, ............. |
| **ആഹാരവുമായി ബന്ധപ്പെട്ട** | – | ബിസ്ക്കറ്റ്, വിവിധ പാനീയങ്ങൾ, ലഘു പലഹാരങ്ങൾ, അച്ചാറുകൾ, കറിപൗഡറുകൾ ............................ |
| **യാത്രയുമായി ബന്ധപ്പെട്ടവ** | – | കാർ, മോട്ടോർ സൈക്കിൾ, ........................... |
| **തൊഴിൽ, വിദ്യാഭ്യാസം ഇവയുമായി ബന്ധപ്പെട്ട** | – | കോഴ്സുകൾ, സ്ഥാപനങ്ങൾ |
| **ശുചിത്വവുമായി ബന്ധപ്പെട്ടവ** | – | അണുനാശിനികൾ, ........................... |
| **വാർത്താവിനിമയവുമായി ബന്ധപ്പെട്ടവ** | – | മൊബൈൽഫോൺ, ഇന്റർനെറ്റ്, ഡിഷ് ടി.വി, |
| **വിനോദവുമായി ബന്ധപ്പെട്ടവ** | – | സിനിമ |
| **പൊതുനൻമ ലക്ഷ്യമാക്കിയവ (സർക്കാർ)** | – | വൈദ്യുതി, കുത്തിവെയ്പുകൾ, മലിനീകരണം ............. |
| **ധനകാര്യവുമായി ബന്ധപ്പെട്ടവ** | – | ലോട്ടറി, ചിട്ടികൾ, വിവിധ വായ്പകൾ... |
| ..... | | |
| ...... | | |

തുടർന്ന് അധ്യാപികയുടെ നേതൃത്വത്തിൽ ഒരു പരസ്യം വിശകലനം ചെയ്യുന്നു.

ഉദാ:- ബിസ്ക്കറ്റുമായി ബന്ധപ്പെട്ടത്.

പരസ്യവാചകം എന്ത്? ഭാഷാപരമായ എന്തെല്ലാം പ്രത്യേകതകളുണ്ട്?

പരസ്യം നമുക്ക് നൽകുന്ന സന്ദേശമെന്ത്?

പരസ്യം ആരെയാണ് ലക്ഷ്യമിടുന്നത? ഏതു പ്രായക്കാരെ?

പരസ്യത്തിൽ പ്രത്യക്ഷപ്പെടുന്നവരുടെ പ്രായവും പരസ്യം ലക്ഷ്യം വെയ്ക്കുന്നവരുടെ പ്രായവും തമ്മിൽ ബന്ധമുണ്ടോ?

എന്തുകൊണ്ടായിരിക്കും ഇത്തരത്തിൽ തെരഞ്ഞെടുക്കുന്നത്?

പരസ്യത്തിലുള്ളവരെ നിങ്ങൾക്കു പരിചയമുണ്ടോ?

പരസ്യത്തിൽ പറയുന്ന ഗുണങ്ങൾ അനുഭവമുള്ളവരുണ്ടോ?

ഇത്തരം ഉല്പന്നം കഴിക്കാത്തവർക്കും ആരോഗ്യവും ഉൻമേഷവും ഉണ്ടല്ലോ. അതെന്തുകൊണ്ട്?

ഇത്തരം ബിസ്ക്കറ്റുകൾ കഴിക്കാത്തതുകൊണ്ട് എന്തെങ്കിലും പ്രശ്നമുണ്ടോ?

ഇവയുടെ നിർമ്മാതാക്കൾ ആരാണ്?

ചുമ, കഫക്കെട്ട് മുതലായ അസുഖമുള്ളവരോട് ബിസ്ക്കറ്റുപോലെയുള്ളവ ഒഴിവാക്കണം എന്നു പലരും പറയുന്നതെന്തുകൊണ്ടായിരിക്കും?

തുടങ്ങിയ ചോദ്യങ്ങളുന്നയിച്ചു ചർച്ച നടത്തുന്നു.

ചർച്ചകൾക്കൊടുവിൽ രണ്ടോ മൂന്നോ കുട്ടികൾ ചർച്ച ക്രോഡീകരിക്കുന്നു. ഒടുവിൽ അധ്യാപികയും ക്രോഡീകരിക്കുന്നു.

തുടർന്ന് മേഖലകൾക്കനുസരിച്ച് ഗ്രൂപ്പാകുന്നു. ഓരോ ഗ്രൂപ്പും നേരത്തെ നടന്ന ചർച്ചകളുടെയും കൂടി അടിസ്ഥാനത്തിൽ വിശകലനപ്പത്രിക പൂർത്തിയാക്കുന്നു. (പത്രിക പൂരിപ്പിക്കുമ്പോൾ ടി.വി പോലെയുള്ള മാധ്യമങ്ങളിൽ കുട്ടികൾ കണ്ടിട്ടുള്ളവയും, 'മിന്നുന്നതെല്ലാം' എന്ന യൂണിറ്റിലെ പാഠഭാഗങ്ങളുടെ ആശയവും പരിഗണിക്കാം).

ശേഷം ഓരോ മേഖലയായി അവതരിപ്പിക്കുന്നു.

ഓരോ അവതരണത്തിനും മറ്റു മേഖലകളിലെ കുട്ടികൾ പ്രതികരിക്കുന്നു. അനുയോജ്യമായ ചോദ്യങ്ങൾ, പ്രതികരണങ്ങൾ മുതലായവയിലൂടെ അധ്യാപികയും ചർച്ചയിൽ ഇടപെടുന്നു. ചർച്ചയുടെ അടിസ്ഥാനത്തിൽ ഓരോരുത്തരും വിശകലനപ്പത്രിക മെച്ചപ്പെടുത്തുന്നു.

ഇത്തരത്തിൽ ലഭിച്ച ആശയങ്ങൾ പ്രയോജനപ്പെടുത്തി 'പരസ്യങ്ങളും മലയാളിയും' എന്ന വിഷയവുമായി ബന്ധപ്പെട്ട ലേഖനം വ്യക്തിഗതമായി തയ്യാറാക്കുന്നു.

**ഇങ്ങനെ തയ്യാറാക്കിയ ലേഖനമാണ് കുട്ടികൾ പോർട്ട്ഫോളിയോയുടെ ഭാഗമായി കൊണ്ടുവരേണ്ടത്.**

- പത്രങ്ങളിൽ നിന്നു ശേഖരിച്ച പരസ്യങ്ങളുടെ മേഖല തിരിച്ച പട്ടിക
- ആദ്യം തയ്യാറാക്കിയ വിശകലനപ്പത്രിക
- ചർച്ചയ്ക്കുശേഷം മെച്ചപ്പെടുത്തിയ വിശകലനപ്പത്രിക
- മറ്റു സംഘങ്ങൾ അവതരിപ്പിക്കുമ്പോൾ തയ്യാറാക്കിയ കുറിപ്പുകൾ
- ലേഖനം
- ഇവയ്ക്കൊപ്പം കുട്ടികളുടെ മലയാളം നോട്ടുപുസ്തകം

എന്നിങ്ങനെ ആറ് ഇനങ്ങളാണ് പരീക്ഷാദിവസം ഹാജരാക്കേണ്ടത്.

## വിശകലനപ്പത്രിക

വിശകലനപ്പത്രിക പൂരിപ്പിക്കുമ്പോൾ കളങ്ങളിൽ നൽകിയ ചോദ്യങ്ങൾക്ക് ഉത്തരമെഴുതുകയല്ല, മറിച്ച് അത്തരം ചോദ്യങ്ങൾകൂടി പരിഗണിച്ച് സ്വതന്ത്രമായി കളങ്ങൾ പൂരിപ്പിക്കുകയാണ് വേണ്ടത്.

| | |
|---|---|
| പരസ്യം | പരസ്യവാചകത്തിന്റെ പ്രത്യേകത<br>ഉൾപ്പെട്ട നടൻ, നടി, കളിക്കാർ, മറ്റുള്ളവർ ................<br>എന്തിനായിരിക്കും അവരെത്തന്നെ തെരഞ്ഞെടുത്ത്?<br>ഏതെങ്കിലും മേഖലയിലുള്ളവർ പരസ്യങ്ങളിൽ<br>പ്രത്യക്ഷപ്പെടാതെയുണ്ടോ? എന്തുകൊണ്ടായിരിക്കും? |
| ഉല്പന്നം | പേര്, പ്രത്യേകത, കമ്പനി പറയുന്ന ഗുണങ്ങൾ,<br>അവയെക്കുറിച്ചുള്ള അഭിപ്രായം<br>- അനുഭവങ്ങൾക്ക് തെളിവുണ്ടോ?<br>ഈ ഉല്പന്നം ഉപയോഗിക്കാത്തവർക്കും പരസ്യത്തിൽ |

| | |
|---|---|
| പരസ്യങ്ങളിൽ | പറയുന്ന കഴിവുകളില്ലേ? എന്തുകൊണ്ടായിരിക്കും? അഭിനയിക്കുന്നവരുടെ കുട്ടിക്കാലത്ത് ഈ ഉല്പന്നം ഉണ്ടാകാനിടയുണ്ടോ? എങ്കിൽ അവരുടെ വാക്കുകൾ വിശ്വസനീയമാണോ? എന്തുകൊണ്ട്? ഉപയോഗിക്കാതിരുന്നാൽ വല്ല ദോഷവുമുണ്ടോ? മനുഷ്യന് ഇവ അത്യാവശ്യമാണോ? |
| നിർമ്മാതാക്കൾ | ഇന്ത്യയിലെ വൻകിട കമ്പനികൾ, വിദേശകമ്പനികൾ, പ്രാദേശികമായ ചെറുകമ്പനികൾ നിർമാതാക്കളുടെ ലക്ഷ്യമെന്തായിരിക്കും? ഏറ്റവും കൂടുതൽ പരസ്യങ്ങൾ മനുഷ്യന് അത്യാവശ്യമുള്ള ഉല്പന്നങ്ങൾക്കു വേണ്ടിയാണോ? എന്തുകൊണ്ട്? |
| ഉല്പന്നം ലക്ഷ്യം വെയ്ക്കുന്നത് | കുട്ടികൾ, സ്ത്രീകൾ, യുവാക്കൾ, പുരുഷൻമാർ, വൃദ്ധൻമാർ ... പരസ്യത്തിൽ അഭിനയിക്കുന്നവരുടെ പ്രായവും പരസ്യം ലക്ഷ്യം വയ്ക്കുന്നവരുടെ പ്രായവും തമ്മിൽ ബന്ധമുണ്ടോ? എന്തുകൊണ്ടായിരിക്കും? പരസ്യത്തിന് തെരഞ്ഞെടുക്കപ്പെടുന്നവരുടെ പ്രത്യേകതകൾ |
| അഭിപ്രായം | പരസ്യതന്ത്രം, ലക്ഷ്യം, നമ്മൾ തിരിച്ചറിയേണ്ടത്, അത്യാവശ്യമല്ലാത്തവ ഒഴിവാക്കേണ്ടതിന്റെ ആവശ്യകത. പരസ്യങ്ങൾ, ഉപഭോഗം ഇവ സംബന്ധിച്ച് പൊതുനൻമയെ മുൻനിർത്തി നമ്മൾ സ്വീകരിക്കേണ്ട നിലപാടുകൾ.... |

## കുട്ടികളോടു പറയാനുള്ളത്.

**ലേഖനം തയ്യാറാക്കുമ്പോൾ:-**

- ലേഖനത്തിന്റെ ആശയം വ്യക്തമാക്കുന്ന തലക്കെട്ട് നൽകണം.
- ഓരോ ആശയവും വ്യക്തമായി, യുക്തിപരമായി അവതരിപ്പിക്കണം. ആവശ്യമായ തെളിവുകൾ, ഉദാഹരണങ്ങൾ എന്നിവ പ്രയോജനപ്പെടുത്തണം.
- ആശയങ്ങൾ പരസ്പരബന്ധത്തോടെ അവതരിപ്പിക്കണം.
- ആശയങ്ങളുടെ സമർത്ഥനത്തിനായി ഭാഷ വ്യക്തവും ശക്തവുമായിരിക്കണം.
- ലേഖകനു നൽകാനുള്ള നിർദ്ദേശങ്ങൾ, ലേഖകന്റെ അഭിപ്രായങ്ങൾ .......... മുതലായവ വ്യക്തമാകത്തക്കവിധം ഉപസംഹരിക്കണം.

## ii) ശാസ്ത്രം

ഏഴാം ക്ലാസ്സ് ശാസ്ത്രപാഠപുസ്തകത്തിലെ 'താപം പ്രവർത്തിക്കുമ്പോൾ' എന്ന യൂണിറ്റിലെ പ്രവർത്തനങ്ങളുടെ അവലോകന റിപ്പോർട്ടാണ് പോർട്ട്ഫോളിയോയിലെ രണ്ടാമത്തെ ഇനം ആയി കൊണ്ടുവരേണ്ടത്. ഈ യൂണിറ്റിലെ പ്രധാന ആശയങ്ങളെ അടിസ്ഥാനമാക്കി ചെയ്ത പ്രവർത്തനങ്ങളും നിരീക്ഷണങ്ങളും/പഠനഫലങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടാണ് റിപ്പോർട്ട് തയ്യാറാക്കേണ്ടത്. അവലോകന റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ഫോർമാറ്റ് അനുബന്ധമായി കൊടുത്തിട്ടുണ്ട്. കുട്ടിയുടെ ശാസ്ത്രപുസ്തകത്തിൽത്തന്നെയാണ് റിപ്പോർട്ട് എഴുതേണ്ടത്. ശാസ്ത്ര പുസ്തകത്തിന്റെ ഇടതു-വലതു പേജുകൾ ഒരുമിച്ച് ചേർത്ത് ഫോർമാറ്റിന്റെ കോളങ്ങൾ വരച്ച് റിപ്പോർട്ട് തയ്യാറാക്കുക. നിർദ്ദേശാനുസരണമുള്ള റിപ്പോർട്ട് ഇതിനോടകം നോട്ട് ബുക്കിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിൽ അത് പോർട്ട്ഫോളിയോ ആയി പരിഗണിക്കുന്നതാണ്.

**യൂണിറ്റിലെ പ്രധാന ആശയങ്ങൾ/വസ്തുതകൾ/ധാരണകൾ**

- വസ്ത്രം ഉണങ്ങുന്നത് ബാഷ്പീകരണം മൂലമാണ്.
- വസ്ത്രം ഉണങ്ങുന്നത് വേഗത്തിലാക്കുന്ന വിവിധ ഘടകങ്ങളുണ്ട്.
- ഏതവസ്ഥയിലുള്ള പദാർത്ഥങ്ങളും ചൂടാക്കുമ്പോൾ പൊതുവെ വികസിക്കുകയും തണുക്കുമ്പോൾ സങ്കോചിക്കുകയും ചെയ്യുന്നു.
- യൂണിറ്റ് വ്യാപ്തം പദാർത്ഥത്തിന്റെ മാസാണ് സാന്ദ്രത.
- എല്ലാ വസ്തുക്കളുടേയും സാന്ദ്രത ഒരു പോലെയല്ല.
-
-
-

(പ്രധാന ആശയങ്ങൾ കൂട്ടിച്ചേർക്കണം)

**അവലോകന റിപ്പോർട്ട് തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:-**

1. ഒരു യൂണിറ്റുമായി ബന്ധപ്പെട്ട് ആശയരൂപീകരണത്തിനായി നടത്തുന്ന പ്രവർത്തനങ്ങളെല്ലാം കഴിഞ്ഞ ശേഷമാണ് ഇത്തരമൊരു അവലോകന റിപ്പോർട്ട് തയ്യാറാക്കേണ്ടത്.
2. റിപ്പോർട്ടിന്റെ ഒന്നാം കോളത്തിൽ ഈ യൂണിറ്റുമായി ബന്ധപ്പെട്ട ആശയങ്ങളും ധാരണകളും വസ്തുതകളുമാണ് എഴുതേണ്ടത്.
3. രണ്ടാം കോളത്തിൽ ഓരോ ആശയവും രൂപപ്പെടുന്നതിനുവേണ്ടി ക്ലാസിലും പുറത്തുമായി കുട്ടി സ്വയം ഏറ്റെടുത്തതും, അധ്യാപികയുടെ നേതൃത്വത്തിലും സഹായത്തോടെയും ചെയ്തതും/ കണ്ടതും ആയ പ്രവർത്തനങ്ങളുടെ / പരീക്ഷണങ്ങളുടെ സൂചനകളാണ് ഉണ്ടാവേണ്ടത്.
4. ഈ പ്രവർത്തനങ്ങളിലൂടെയൊ പരീക്ഷണങ്ങളിലൂടെയോ മനസ്സിലായ വസ്തുതകളോ (പഠനഫലങ്ങൾ) നിരീക്ഷിച്ചറിഞ്ഞ വസ്തുതകളോ (നിരീക്ഷണഫലങ്ങൾ) ആണ് മൂന്നാം കോളത്തിൽ സൂചിപ്പിക്കേണ്ടത്. ഓരോ പ്രവർത്തനത്തിനുനേരെയും അതാതിന്റെ പഠനഫലങ്ങളോ/ നിരീക്ഷണ ഫലങ്ങളോ എഴുതണം.

5. നാലാം കോളത്തിൽ ആശയരൂപീകരണത്തിനായി പാഠപുസ്തകത്തിൽ നിന്നോ, അധികവായനയിൽ നിന്നോ ശേഖരിച്ചതായ വിവരങ്ങൾ ചെറുകുറിപ്പുകളായി എഴുതുകയാണ് വേണ്ടത്.

6. അന്തിമ അവലോകന റിപ്പോർട്ട് ഓരോ കുട്ടിയും വ്യക്തിഗതമായി എഴുതി തയാറാക്കേണ്ടതാണ്. ഇതിനായി

- ✧ യൂണിറ്റിലെ പ്രധാന ആശയങ്ങളും അത് രൂപപ്പെടുത്തുന്നതിനു വേണ്ടി ചെയ്ത പ്രവർത്തനങ്ങളും ശേഖരിച്ച വിവരങ്ങളുമൊക്കെ പൊതു ചർച്ചയ്ക്കു വിധേയമാക്കി കണ്ടെത്താം. (അധ്യാപികയുടെ സഹായത്തോടെ)
- ✧ തുടർന്ന് യൂണിറ്റിലെ ആദ്യത്തെ രണ്ട് ആശയങ്ങളെ അടിസ്ഥാനമാക്കി വ്യക്തിഗതമായി നിശ്ചിതഫോർമാറ്റിൽ റിപ്പോർട്ട് തയ്യാറാക്കി വരുന്നതിന് നിർദ്ദേശിക്കാം.
- ✧ തയ്യാറാക്കി വന്ന റിപ്പോർട്ടുകൾ കുട്ടികളുടെ ചെറുഗ്രൂപ്പിൽ പങ്കുവെയ്ക്കനവസരം നൽകി പരിമിതികളും പോരായ്മകളും പരിഹരിച്ച് മെച്ചപ്പെടുത്താം.
- ✧ ഓരോ ഗ്രൂപ്പിന്റെയും മെച്ചപ്പെടുത്തിയ റിപ്പോർട്ടുകൾ ക്ലാസിൽ പൊതുവായി അവതരിപ്പിക്കുന്നതിന് അവസരമൊരുക്കാം.
- ✧ ഈ പ്രക്രിയകളിലൂടെയൊക്കെ കടന്നുപോയശേഷം ഉണ്ടായ ധാരണകളുടേയും മെച്ചപ്പെടുത്തലുകളുടേയും അടിസ്ഥാത്തിൽ ഓരോ കുട്ടിയോടും യൂണിറ്റിലെ എല്ലാ ആശയങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് അന്തിമ അവലോകന റിപ്പോർട്ട് തയ്യാറാക്കാൻ നിർദ്ദേശിക്കാം. (ഒരു കുട്ടി തയ്യാറാക്കിയ റിപ്പോർട്ട് മറ്റൊരാൾ പകർത്തിയെഴുതാൻ അവസരമുണ്ടാകരുത്).
- ✧ പോർട്ട് ഫോളിയോയിൽ അന്തിമ അവലോകന റിപ്പോർട്ടിനോടൊപ്പം കുട്ടി വ്യക്തിഗതമായി ആദ്യം തയ്യാറാക്കിയ റിപ്പോർട്ടും ഉണ്ടാവണം. റിപ്പോർട്ട് എഴുതിയ തീയതിയും രേഖപ്പെടുത്തണം.
- ✧ അവലോകന റിപ്പോർട്ട് ശാസ്ത്രപുസ്തകത്തിൽ തന്നെ തയ്യാറാക്കിയാൽ മതി. (പ്രത്യേകമായി മറ്റൊരു ഷീറ്റിൽ എഴുതി തയ്യാറാക്കേണ്ടതില്ല.) നിലവിൽ ശാസ്ത്ര പുസ്തകത്തിലെ അവസാന രേഖപ്പെടുത്തലുകൾക്ക് ശേഷമുള്ള പേജുകളിൽ എഴുതിയാൽ മതി.

**അധ്യാപികയുടെ പ്രത്യേക ശ്രദ്ധയ്ക്ക്**

ഈ അവലോകന റിപ്പോർട്ട് യു.എസ്.എസ് പരീക്ഷയ്ക്കു വേണ്ടി മാത്രമായി തയ്യാറാക്കേണ്ട ഒന്നല്ല, മറിച്ച് ഓരോ യൂണിറ്റിലെ പ്രവർത്തനങ്ങൾ പൂർത്തിയാകുമ്പോഴും ശാസ്ത്രപുസ്തകത്തിൽ രേഖപ്പെടുത്തി വെയ്ക്കേണ്ടതാണ്.

നവംബർ, ഡിസംബർ, ജനുവരി മാസങ്ങളിൽ നടന്നിട്ടുള്ള പഠനപ്രവർത്തനങ്ങളുടെ അവലോകന റിപ്പോർട്ട് യൂണിറ്റ് അവസാനിക്കുമ്പോൾ ശാസ്ത്രപുസ്തകത്തിൽ രേഖപ്പെടുത്താൻ അവസരമൊരുക്കണം.

# അവലോകന റിപ്പോർട്ട് തയാറാക്കുന്നതിനുള്ള ഫോർമാറ്റ്

| തിരിച്ചറിഞ്ഞ/ മനസ്സിലാക്കിയ ആശയങ്ങൾ | ചെയ്ത പ്രവർത്തനങ്ങൾ/പരീക്ഷണങ്ങൾ | | പഠനഫലങ്ങൾ/ നിരീക്ഷണ ഫലങ്ങൾ | ആശയ രൂപീകരണത്തിന് പാഠപുസ്തകത്തെ ആശ്രയിച്ച് / അധിക വായനയിലൂടെ ശേഖരിച്ച വിവരങ്ങൾ |
|---|---|---|---|---|
| | സ്വയം ചെയ്തത് | അധ്യാപിക ചെയ്തത്/ സഹായത്തോടെ ചെയ്തത് | | |
| ബാഷ്പീകരണം മൂലമാണ് വസ്ത്രം ഉണങ്ങുന്നത് | 1.<br>2.<br>3. | | | |
| വസ്ത്രം വേഗത്തിൽ ഉണങ്ങുന്നതിന് സഹായിക്കുന്ന വിവിധ ഘടകങ്ങൾ | 1.<br>2.<br>3.<br>4. | | | |
| ഏതവസ്ഥയിലുള്ള പദാർത്ഥങ്ങളും ചൂടാകുമ്പോൾ പൊതുവെ വികസിക്കുകയും തണുക്കുമ്പോൾ സങ്കോചിക്കുകയും ചെയ്യും | 1.<br>2.<br>3.<br>4. | | | |
| യൂണിറ്റ് വ്യാപ്തം പദാർത്ഥത്തിന്റെ മാസാണ് സാന്ദ്രത | 1.<br>2.<br>3. | | | |

(പ്രധാന ആശയങ്ങൾ കൂട്ടിച്ചേർത്ത് ഫോർമാറ്റ് വികസിപ്പിക്കുകയും റിപ്പോർട്ട് സമഗ്രമാക്കുകയും വേണം)